SJD/2968/2022-D6

I/57459/2022

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :30-08-2022
Email - swdkerala@gmail.com
Phone - 0471 – 2306040

ജോയന്റ് ഡയറക്ടർ,
തിരുവനന്തപുരം.

ഷൺമുഖം ആചാരി
ആറാട്ടുചിറയിൽ,
പുഴവത്ത്,
ചങ്ങനാശ്ശേരി - 1

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപ്പീൽ - സംബന്ധിച്ച്.

സൂചന :- 1) 01/08/2022 ൽ താങ്കൾ സമർപ്പിച്ച അപ്പീൽ ഹർജി
2) നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം 3581

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3581 ലെ ചോദ്യം (എ) യിൽ 16.08.1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയെന്റ് എക്സ്ചേഞ്ച് മുഖേന താല്കാലിക നിയമനം ലഭിക്കുകയും 18.05.2013 ലെ സർക്കാർ ഉത്തരവ് (പി) നം 40/13/സാ.നീ.വ പ്രകാരം പുനർനിയമനം ലഭിച്ച് നിലവിൽ ജോലി ചെയ്യുന്ന ഭിന്നശേഷി ജീവനക്കാരുടെ എണ്ണവും വിശദാംശങ്ങളും അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

മേൽ ചോദ്യത്തിന്, ഈ കാര്യാലയത്തിൽ നിന്നും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി തസ്തികയിലേക്ക് നിയമന ഉത്തരവ് ലഭിച്ചവരുടെ ലിസ്റ്റ് ആണ് ലഭ്യമാക്കിയിരുന്നത്. ഈ ലിസ്റ്റിൽ നിന്നും എത്ര പേർ ജോലിയിൽ പ്രവേശിച്ച എന്നവിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല. താങ്കൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച RTI അപേക്ഷ പരിശോധിക്കുന്ന അവസരത്തിലാണ് ഈ കാര്യം ശ്രദ്ധയിൽപ്പെട്ടത്. ഈ സാഹചര്യത്തിൽ നിയമസഭാ ചോദ്യത്തിന് നൽകിയ മറുപടിയുടെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിക്കുന്നതോടൊപ്പം താങ്കളുടെ വിവരാവകാശ പ്രകാരമുള്ള മറുപടിയിൽ അപ്പീൽ അധികാരി എന്നത് അഡീഷണൽ ഡയറക്ടർ എന്നാണ് ചേർത്തിരുന്നത്. എന്നാൽ സാമൂഹ്യനീതി വകുപ്പ് ജോയന്റ് ഡയറക്ടറാണ് അപ്പീൽ അധികാരിയെന്ന് തിരുത്തി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

SUBHASH KUMAR KV
ജോയിന്റ് ഡയറക്ടർ
സാമൂഹ്യ നീതി വകുപ്പ്

ഉള്ളടക്കം
നടപടിക്രമങ്ങൾ

SJD/2968/2022-D6

I/57457/2022

<u>സാമൂഹ്യനീതിവകുപ്പ് ജോയന്റ് & അപ്പീൽ അധികാരിയുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: സുഭാഷ് കുമാർ കെ. വി)

തിരുവനന്തപുരം,

ഉത്തരവ് നം. SJD/2968/2022-D6 — തീയതി. 30-08-2022

---

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ്- ശ്രീ. ഷണ്മുഖം ആചാരി വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം : (1). ശ്രീ.ഷണ്മുഖം ആചാരി 06/07/2022 ന സമർപ്പിച്ച വിവരാവകാശ പ്രകാരമുള്ള ഹർജി

(2). ശ്രീ.ഷണ്മുഖം ആചാരി 01/08/2022 ന സമർപ്പിച്ച വിവരാവകാശ പ്രകാരമുള്ള അപ്പീൽ ഹർജി

(3) 18/10/2021 തിയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള SJD/4367/2021/-D6 നം കത്ത്

സാമൂഹ്യനീതി വകുപ്പിന്റെ 18.05.2013 തിയതിയിലെ സ.ഉ.(പ്രി) നം 40/13/സാ.നീ.വ പ്രകാരം ഭിന്നശേഷിക്കാരായ 2677 പേരിൽ എത്ര പേർ സൂപ്പർന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എന്ന വിവരം പരാമർശം ഒന്ന് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി ചോദ്യത്തിന് മറുപടിയായി "18-05-2022 തിയതിയിലെ സ.ഉ(പ്രി) നം. 40/2013 പ്രകാരം എത്ര പേർ ജോലിയിൽ പ്രവേശിച്ച എന്ന വിവരങ്ങൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല" എന്ന മറുപടിയാണ് ഈ കാര്യാലയത്തിൽ നിന്നും നൽകിയിരുന്നത്.

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3581 ന ഈ കാര്യാലയത്തിൽ നിന്നും പരാമർശം(3) പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ വൈരുദ്ധ്യം ചൂണ്ടിക്കാട്ടി ഹർജിക്കാരൻ പരാമർശം (2) പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. ടി വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഭക്ക് പരാമർശം (3) പ്രകാരം നൽകിയ മറുപടിയിൽ ജോലിക്കായി ശിപാർശ ചെയ്യവരുടെ പട്ടിക ജോലിയിൽ പ്രവേശിച്ചവരുടെ പട്ടികയായാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (3) ൽ സംഭവിച്ച അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവരാവകാശപ്രകാരം നൽകിയ മറുപടിയിൽ അപാകതയില്ലാത്ത സാഹചര്യം വിലയിരുത്തി വിവരാവകാശ അപ്പീൽ തീർപ്പാക്കുന്നു.

SUBHASH KUMAR KV

ജോയിന്റ് ഡയറക്ടർ& അപ്പീൽ അധികാരി

സാമൂഹ്യനീതി വകുപ്പ്

<u>അപ്പീൽ അധികാരി</u>

സംസ്ഥാന വിവരാവകാശ കമ്മീഷണർ,

പുന്നൻ റോഡ്, തിരുവനന്തപുരം- 695001.

<u>പകർപ്പ്:</u>

-മറുപുറം-